ഉത്തരം

(എ) ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്യാനുള്ള നടപടികൾ എടുത്ത് വരുന്നുണ്ട്. ഇവിനു പുറമേ നികുതി വെട്ടിപ്പ് കണ്ടു പിടിക്കുന്നതിന് വിജിലൻസ് വകുപ്പ് സത്വരമായ അന്വേഷണ നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി, സി, ഡി) വിനോദ നികുതി വെട്ടിപ്പ് തടയുന്നതിന് സഹായകമായ കോമ്പൗണ്ടിംഗ് സമ്പ്രദായം പഞ്ചായത്ത് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, ഫലപ്രദമായ നിയമ നടപടികൾ ഗവൺമെൻറിന്റെ പരിഗണനയിലാണ്.

II. ശ്രദ്ധ ക്ഷണിക്കൽ

(1) തൊഴിലില്ലായ്മ മൂലം കഷ്ടത അനുഭവിക്കുന്ന കർഷകത്തൊഴിലാളികൾ

ശ്രീ.കെ.ഇ.ഇസ്മയിൽ: സർ, കേരളത്തിലെ 40 ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികളുടെ ദയനീയമായ സ്ഥിതിയിലേക്കാണ് ഞാൻ ഈ ഗവൺമെൻറിന്റെ ശ്രദ്ധ
9.30 A. M.] ക്ഷണിക്കുന്നത്. ജീവരക്തം വിയർപ്പാക്കി മണ്ണിൽ പൊന്നു വിളയിക്കുന്നവരാണ് കർഷകത്തൊഴിലാളികൾ. സാമൂഹികമായും സാമ്പത്തികമായും പിന്നണിയിൽ കിടക്കുന്ന ഈ കർഷകത്തൊഴിലാളികൾക്ക് ശ്രീ.അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് ഇവിടെ ഒരു നിയമനിർമ്മാണം ആദ്യമായി നടപ്പിലാക്കിയത്. ആ നിയമത്തിലെ അപാകതകൾ ഉപയോഗപ്പെടുത്തി കർഷകത്തൊഴിലാളികളെ ദ്രോഹിക്കാനാണ് കർഷക പ്രമാണിമാർ ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നാട്ടിലുണ്ടാകുന്ന വെള്ളപ്പൊക്കമായാലും, വരൾച്ചയായാലും അതിൽ ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കേണ്ടിവരുന്നത് ഈ കർഷകത്തൊഴിലാളികളാണ്. തൊഴിലില്ലായ്മയും നിത്യദാരിദ്ര്യവും, പട്ടിണിയും ഈ കുടുംബങ്ങളിൽനിന്ന് വിട്ടുമാറാത്ത ഒരു സ്ഥിതി ഇന്ന് നിലനിൽക്കുകയാണ്. കൃഷി ആദായകരമല്ല എന്നുള്ളതുകൊണ്ട് കൃഷി ഭൂമി മാറ്റ് പലവിധത്തിൽ ഉപയോഗിക്കുന്നതിനുവേണ്ടി ശ്രമിക്കുന്നതിന്റെ ഫലമായി തൊഴിൽ സാദ്ധ്യതകൾ കുറഞ്ഞുവരികയാണ്. കർഷകത്തൊഴിലാളി ക്ഷേമനിധിയും, പ്രോവിഡൻറ് ഫണ്ടും ഏർപ്പെടുത്തുന്നതിന് കർഷകത്തൊഴിലാളി നിയമത്തിൽത്തന്നെ വ്യവസ്ഥ ചെയ്തിരുന്നു. അത് ഒരു പരീക്ഷണമെന്നുള്ള നിലയിൽ പാലക്കാട് ജില്ലയിലാണ് ആദ്യം നടപ്പിലാക്കിയത്. ആ പ്രോവിഡൻറ് ഫണ്ട് പിരിച്ചെടുക്കുന്ന ബോർഡിലെ ഒരു മെമ്പറായിരുന്നു ഞാൻ. പാലക്കാട്ടെ കർഷകത്തൊഴിലാളികളിൽനിന്ന് മാത്രമായി മൂന്ന് ലക്ഷത്തിലധികം ഉറുപ്പിക പിരിച്ചെടുക്കുകയും ചെയ്തു. അതിനുശേഷം ഈ ബോർഡിന്റെ പ്രവർത്തനം നിർത്തിവച്ചു. നമ്മുടെ സംസ്ഥാനത്തിലെ മുഴുവൻ കർഷകത്തൊഴിലാളികൾക്കും ബാധകമായ ഒരു നിയമം ഈ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനു വേണ്ടിയാണ് അത് നിർത്തിവയ്ക്കുന്നതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അതിന്റെ അടിസ്ഥാനത്തിൽ പ്രോവിഡൻറ് ഫണ്ട് പദ്ധതി നിർത്തിവച്ച് ക്ഷേമനിധിയായി അത് രൂപാന്തരപ്പെടുത്തുമെന്നും, ക്ഷേമനിധി നടപ്പിലാക്കുമെന്നും പറഞ്ഞിട്ട് മൂന്ന് വർഷം കഴിഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ തന്നെ കർഷകത്തൊഴിലാളികളുടേയും കൃഷിക്കാരുടേയും പ്രതിനിധികളെ വിളിച്ചുകൂട്ടി ചർച്ചചെയ്തതാണ്. മൂന്ന് വർഷം കഴിഞ്ഞിട്ടും അത് നടപ്പിലാക്കിയിട്ടില്ല. നാളിതുവരെ ഒരു നടപടിയും അതിനെക്കുറിച്ച് ഉണ്ടായിട്ടില്ല. കർഷകത്തൊഴിലാളികൾക്ക് ഒരു ക്ഷേമ കോർപ്പറേഷൻ രൂപീകരിക്കണമെന്ന ആവശ്യം എല്ലാ കർഷകത്തൊഴിലാളി സംഘടനകളും നിരന്തരമായി ആവശ്യപ്പെടുന്നതാണ്. അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് ഉറപ്പുനൽകിയതല്ലാതെ അത്തരം പരിപാടികളൊന്നുംതന്നെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് എല്ലാ കർഷകത്തൊഴിലാളികൾക്കും വീടുവയ്ക്കുന്നതിനാവശ്യമായ സ്ഥലങ്ങൾ കൊടുക്കണം. ഇപ്പോൾ ദുർബല ജനവിഭാഗങ്ങൾക്ക് വീടു കൊടുക്കുന്നതിലും അതിന്റെ വിതരണസമ്പ്രദായത്തിലും ഒരുപാട് അപാകതകളുണ്ട്, കുഴപ്പങ്ങളുണ്ട്. കാർഷികത്തൊഴിലാളികളിൽ ഇന്ന് നിരവധി ആളുകൾ വീട് ഇല്ലാത്തവരാണ്. അതുകൊണ്ട് മുഴുവൻ കർഷകത്തൊഴിലാളികൾക്കും വീടുവയ്ക്കാൻ ആവശ്യമായ സ്ഥലം കൊടുക്കുന്നതിനുള്ള അടിയന്തിരമായ നടപടിയുണ്ടാകണം. വിദ്യാഭ്യാസരംഗത്ത് വളരെയേറെ പിന്നണിയിൽ കിടക്കുന്ന ആ വിഭാഗത്തിലെ കുട്ടികൾക്ക് സൗജന്യമായി പുസ്തകവും, വസ്ത്രവും, ഭക്ഷണവും കൊടുക്കാനാവശ്യമായ എന്തെങ്കിലും നടപടി അടിയന്തിരമായിട്ട് സ്വീകരിക്കണം.

അതുപോലെത്തന്നെ ലാൻഡ് ബോർഡിലും ഹൈക്കോടതിയിലും ഇന്ന് ഭൂമിയെസംബന്ധിച്ച് നിരവധി കേസുകൾ പെൻഡിംഗിൽ കിടക്കുന്നു. ആ കേസുകളിൽ അടിയന്തിരമായി തീരുമാനം ഉണ്ടാകുന്നതിന് ഈ ഗവൺമെന്റ് ഇടപെടുകയും ആ ഭൂമികൾ അടിയന്തിരമായി കർഷകത്തൊഴിലാളികൾക്ക് വിതരണം ചെയ്യുകയും ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇപ്പോൾ ഐ.ആർ.ഡി.പി യിലൂടെ, എൻ.ആർ.ഇ.പി.യിലൂടെ, ആർ.എൽ.ഇ.ജി.പി.യിലൂടെയൊക്കെ ദുർബലവിഭാഗങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്നുണ്ട്. ആ സഹായങ്ങളൊക്കെ വളരെ തുച്ഛമായൊക്കെയാണ് കാർഷികത്തൊഴിലാളികൾക്ക് ഇന്ന് ലഭിച്ചുവരുന്നത്. അതുകൊണ്ട് ആ നടപടി ക്രമങ്ങളിൽ മാറ്റം ഉണ്ടാവുകയും അത് വിതരണം ചെയ്യാൻ ആവശ്യമായ പ്രവർത്തനങ്ങളിൽ നിയമസഭയിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന കമ്മിറ്റികളെ തെരഞ്ഞെടുക്കുകയും, മുഴുവൻ കർഷകത്തൊഴിലാളികൾക്കും ഈ ആനുകൂല്യങ്ങൾ കിട്ടാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യണം.

അതുപോലെതന്നെ കർഷകത്തൊഴിലാളി പെൻഷൻ എട്ടൊൻപതു മാസമായി ഇപ്പോഴും ബാക്കി നിൽക്കുകയാണ്. അത്തന്നെ അംഗീകരിച്ച കർഷകത്തൊഴിലാളികൾക്ക് മാത്രമേ ബാധകമാവുകയുള്ളൂ. കാലാകാലങ്ങളിൽ വയസ് പൂർത്തിയാകുന്ന ആളുകളുടെ അപേക്ഷ സ്വീകരിക്കാനും, ആ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാനും, അവർക്ക് പെൻഷൻ കൊടുക്കാനും ഉള്ള ഒരു നടപടിക്രമം ഉണ്ടാകണം. അർഹരായ എല്ലാ കർഷകത്തൊഴിലാളികൾക്കും അത് കിട്ടുമെന്ന് ഉറപ്പു വരുത്തുന്ന നടപടികൾ ഉണ്ടാകണം. കർഷകത്തൊഴിലാളികൾക്ക് തുല്യ ജോലിക്ക് തുല്യവേതനം എന്ന ഒരു നിയമം പാർലമെന്റിൽ പാസാക്കിയിട്ടുള്ളതാണ്. ഇവിടെ കർഷകത്തൊഴിലാളി രംഗത്തെ സ്ത്രീകളും പുരുഷൻമാരും തുല്യജോലിയാണ് ചെയ്യുന്നതെങ്കിലും വ്യത്യസ്ത കൂലി സമ്പ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്. അതുകൊണ്ട് തുല്യ ജോലിക്ക് തുല്യ വേതനം എന്ന നിയമം നടപ്പിലാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

കൃഷി ആദായകരമല്ലാത്തതുകൊണ്ട്, മറ്റ് കൃഷികളിലേക്ക് കൃഷിഭൂമി മാറ്റം ചെയ്തതിന്റെ ഫലമായിട്ട് തൊഴിൽ നഷ്ടപ്പെട്ട ആളുകൾ വരൾച്ചയുടേയും വെള്ളപ്പൊക്കത്തിന്റെയുമൊക്കെ ഫലമായി മുഴുപ്പട്ടിണിയിൽ ആയിട്ടുണ്ട്. അത്തരം ആളുകളെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലൂടെ സഹായിക്കാനും അവർക്കു നടപ്പിലാക്കുമെന്നു പറഞ്ഞ ക്ഷേമനിധി അടിയന്തിരമായി നടപ്പിലാക്കാനും അവരുടെ തൊഴിൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനും വേണ്ടിയുള്ള കർഷകത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻ രൂപീകരിച്ചുകൊണ്ട് ഈ 40 ലക്ഷത്തോളം വരുന്ന നമ്മുടെ സംസ്ഥാനത്തിലെ കർഷകത്തൊഴിലാളികളെ രക്ഷിക്കാനുള്ള അടിയന്തിരനടപടികൾ സംസ്ഥാന ഗവൺമെൻറ് എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഒരു പ്രോവിഡൻറ് ഫണ്ട് പദ്ധതിയുണ്ടായിരുന്നു. ആ പ്രോവിഡൻറ് ഫണ്ട് പദ്ധതി ഒരു പരീക്ഷണമെന്ന നിലയിൽ പാലക്കാട് നടപ്പാക്കിയിരുന്നു. മൂന്ന് ലക്ഷം രൂപ പിരിച്ചെടുത്തു എന്നു പറഞ്ഞത് സത്യമാണ്. പക്ഷേ ആ മൂന്ന് ലക്ഷം രൂപ പിരിച്ചെടുക്കുന്നതിനു വേണ്ടി ഏഴ് ലക്ഷം രൂപ ചെലവായ ഒരു സ്ഥിതിവിശേഷമാണ് ഉണ്ടായത്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർകൂടി അംഗമായിരുന്ന ബോർഡ് തുടർന്ന് നടത്തിക്കൊണ്ട് പോകുന്നത് കർഷകത്തൊഴിലാളികൾക്ക് പ്രയോജനമില്ലെന്ന ഒരു റിപ്പോർട്ട് അയയ്ക്കുകയാണ് ഉണ്ടായത്. അതിന്റെ അടിസ്ഥാനത്തിൽ അത് നിർത്തൽ ചെയ്യുകയും, ഒരു ക്ഷേമനിധി ഉണ്ടാക്കുന്നതിനെപ്പറ്റിയുള്ള ആലോചന ഗവൺമെൻറ് തുടങ്ങുകയും, അതിന് ചില കമ്മിറ്റികളെ വച്ച് പഠനങ്ങൾ നടത്തുകയും ചെയ്തു. അവസാനമായി ഒരു ക്ഷേമനിധി ഉണ്ടാക്കുന്നതിന് തന്നെ ഗവൺമെൻറ് പദ്ധതി ആവിഷ്കരിക്കുകയും, തീരുമാനം എടുക്കുകയും, അതിന്റെ നടപടികൾ ആവിഷ്കരിക്കുകയും ചെയ്തു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും അങ്ങനെ ഒരു തീരുമാനം ഉണ്ടായതായി നിയമസഭയെ അറിയിച്ചിട്ടുള്ളതാണ്. ഇനി അതിന്റെ രൂപരേഖകൾ ഉണ്ടാക്കി, അതിന്റെ റൂൾസ് ഉണ്ടാക്കി അത് പ്രഖ്യാപിച്ചാൽ മതി. കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധി ഗവൺമെൻറ് ഉണ്ടാക്കുന്നതാണ്. അതിനുവേണ്ട തീരുമാനം എടുത്തിട്ടുണ്ട്. വളരെ താമസിയാതെ അത് ഓർഡറായി പുറത്തു വരുന്നതാണ്.

പെൻഷനെപ്പറ്റിയും മറ്റും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് വെറും തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണ്. ആളുകൾ ഇങ്ങനെ 60 വയസ്സ് പൂർത്തിയായിക്കൊണ്ടിരിക്കും. പൂർത്തിയായിക്കൊണ്ടിരിക്കുമ്പോഴത്തന്നെ വില്ലേജ് ഓഫീസിൽ പെറിഷൻ കൊടുക്കുന്നതിനും അത് പ്രോസസ് ചെയ്ത് നൽകാനുമുള്ള സംവിധാനങ്ങൾ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്; അങ്ങനെ കൊടുക്കുന്നുണ്ട്, മിക്കവാറും എല്ലാ സമയവും ഇങ്ങനെ വരുകയും കൂടുതൽ കൂടുതൽ അനുവദിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. കുടിശികയുണ്ട്. എട്ട് ഒൻപത് മാസത്തേത് ഉണ്ടെന്ന് അദ്ദേഹം പറഞ്ഞത് ശരിയല്ല. ഒരു തവണ മാത്രമേ കാണുകയുള്ളൂ. അത് മിക്കവാറും കൊടുത്തു കൊണ്ടിരിക്കുകയാണ്. പ്രത്യേകമായിട്ട് അതിനായൊരു വീഴ്ചയും ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ തൊഴിൽ വേണമെന്നൊക്കെ അദ്ദേഹം പറഞ്ഞത് വളരെ ന്യായമാണെങ്കിലും കാർഷികത്തൊഴിലിന്റെ സ്വഭാവം അനുസരിച്ച് അത് നമ്മുടെ സീസണലായിട്ടുള്ള ഒരു ഫ്ലർപ്പാടാണ്. കൃഷി ലാഭകരമല്ലാത്ത സാഹചര്യത്തിൽ കൃഷി ലാഭകരമാക്കുന്നതിന് എല്ലാവരും കൂടി ശ്രമിച്ച് പരിപാടികളും ഉണ്ടാക്കുക മാത്രമാണ് അതിൽ ചെയ്യാൻ കഴിയുക. പിന്നെ വരൾച്ചയും വെള്ളപ്പൊക്കവുമുണ്ടാകുമ്പോൾ കൂടുതൽ ബുദ്ധിമുട്ട് അവർ അനുഭവിക്കുന്നു എന്ന് പറയുന്നത് സത്യമാണ്. അതിന് ക്ഷേമനിധിയുണ്ടാക്കുക എന്ന് പറയുന്നതു് ഒരു ലോംഗ് ടേം മെഷറാണ്, ഒരു ഷോർട്ട് ടേം മെഷർ ആക്കുന്നതിനുള്ള നടപടി റവന്യൂ ഡിപ്പാർട്ടുമെൻറാണ് നടത്തുന്നത്, അത് ചെയ്തു വരുന്നുണ്ട്. കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധി പ്രഖ്യാപിക്കുന്നതാണ്. കർഷകത്തൊഴിലാളികളുടെ പെൻഷൻ യാതൊരു മുടക്കവും കൂടാതെ കൊടുത്തുവരുകയും, പുതിയ അപേക്ഷകൾ സ്വീകരിച്ച് വരുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

അതുപോലെ തുല്യജോലിക്ക് തുല്യവേതനമെന്ന നിയമമുണ്ട്. നമ്മളെല്ലാവരും കൂടി ചേർന്ന് കർഷകത്തൊഴിലാളികൾക്ക് മിനിമം വേജസ് കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തു. ആ കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് തുല്യജോലിക്ക് തുല്യവേതനം കൊടുക്കും. പുരുഷജോലിക്കാരുടെ ജോലിയുടെ സ്വഭാവവും സ്ത്രീ ജോലിക്കാരുടെ ജോലിയുടെ സ്വഭാവവും വ്യത്യാസമാണെന്ന് കണ്ടുകൊണ്ട് വ്യത്യസ്തമായ കൂലി മിനിമം വേജസ് കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്തത് മിനിമം വേജസ് അഡ്വൈസറി കമ്മിറ്റി (എല്ലാ ട്രേഡ് യൂണിയൻ പ്രതിനിധികളും ഉൾക്കൊള്ളുന്ന) അംഗീകരിച്ച് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇത് നടപ്പിലാക്കി വരുന്നു. ഇത് പുനഃപരിശോധിക്കണമെങ്കിൽ പുനഃപരിശോധിക്കാവുന്നതാണ്.

ശ്രീ.കെ:ഇ.ഇസ്മയിൽ: കർഷകത്തൊഴിലാളി മേഖലയിൽ നടപ്പിലാക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഞാൻ ഉന്നയിച്ച കാര്യങ്ങളുണ്ട്. അത്തരം കാര്യങ്ങൾ മാത്രം ശ്രദ്ധിച്ച് ഈ വിഭാഗത്തെ ഉദ്ധരിക്കാൻ ആവശ്യമായ കർഷകത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിന് അടിയന്തിരമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ.കെ.ശിവദാസൻ: അതിനെപ്പറ്റി ആലോചിച്ചിട്ടില്ല. മെമ്പറുടെ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

(2) കോഴിക്കോട്, വയനാട് ജില്ലകളിലെ ദേശസാൽക്കൃത റൂട്ടുകളിലെ യാത്രാക്ലേശം

ശ്രീ.കെ.പി.രാജൻ: സർ, വയനാട് ജില്ലയിലെ ദേശവൽക്കൃത റൂട്ടുകളിലെ യാത്രാക്ലേശം സംബന്ധിച്ച് മുൻപ് പലരും ഇവിടെ സംസാരിച്ചിട്ടുള്ളതാണ്. ദേശവൽക്കൃത റൂട്ടുകളിലെ യാത്രാക്ലേശം പരിഹരിക്കാൻ നടപടിയെടുക്കാമെന്ന് പല പ്രാവശ്യവും പറഞ്ഞിരുന്നുവെങ്കിലും കാര്യമായ യാതൊരു നടപടിയും ഉണ്ടായിട്ടില്ലായെന്നു ഖേദത്തോടെ വസ്തുത. വയനാട്, കോഴിക്കോട് ദേശവൽക്കൃത റൂട്ടുകളിലെ യാത്രാക്ലേശം പരിശോധിക്കുകയാണെങ്കിൽ ഇന്നും യാത്ര വളരെ ക്ലേശകരമായി തുടരുകയാണെന്ന് കാണാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly